പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6124 07.07.2014- ൽ മറുപടിക്ക്

## കരൾ മാറ്റിവച്ചവർക്ക് പെൻഷൻ നൽകുന്ന പദ്ധതി

ചോദ്യം
ശ്രീ. കെ.എൻ.എ. ഖാദർ

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ; | (എ) | അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടില്ല. പരിഗണനയിലില്ല. |
| (ബി) | സംസ്ഥാനത്ത് കരൾ മാറ്റിവച്ചവർക്ക് പെൻഷൻ നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. വൃക്ക/കരൾ എന്നീ അവയവങ്ങൾ മാറ്റിവയ്ക്കപ്പെട്ട രോഗികൾക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതിക്ക് സ.ഉ(എം.എസ്) നം. 01/14 /സാനീവ തീയതി 01.01.04 പ്രകാരം ഭരണാനുമതി നൽകുകയും, കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പദ്ധതി നടപ്പാക്കി വരികയും ചെയ്യുന്നു. |
| (സി) | ഇപ്രകാരം പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിൽ കരൾ മാറ്റിവയ്ക്കപ്പെട്ട എല്ലാവരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; | (സി) | കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ 1/- ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ഈ പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ പരമാവധി 5 വർഷക്കാലത്തേയ്ക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്. മറ്റ് സർക്കാർ ആനുകൂല്യം ലഭിക്കുന്നവർക്കും ഈ പെൻഷന് അർഹതയുണ്ടായിരിക്കും. |
| (ഡി) | ഇപ്രകാരം പദ്ധതി രൂപീകരിച്ചിട്ടുള്ള പക്ഷം അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു പൊതു നയം എന്ന രീതിയിൽ എല്ലാ തരത്തിലുള്ള അവയവദാനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ